9-ാം വർഷം
2026
നവംബർ 8, 2026
പള്ളിക്കൂദാശ രണ്ടാം ഞായർ



Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS



അപകടകരമായി ജീവിക്കുക

യെശയ്യ 49:1-7, പുറപ്പാട് 6:1-8, 1 പത്രോസ് 1:3-7, മത്തായി 19:23-30

1993ൽ സ്റ്റീവൻ സ്പിൽബർഗ് പുറത്തിറക്കിയ ക്ലാസ്സിക് സിനിമയാണ് 'ഷിൻറ് ലെഴ്സ് ലിസ്റ്റ്'. മികച്ച സംവിധാനത്തിനും ചിത്രത്തിനുമടക്കമുള്ള ഏഴോളം അക്കാദമി അവാർഡുകളാണ് ഈ സിനിമ വാരിക്കൂട്ടിയത്. ലിയാം നീസൻ ആണ് ഷിൻറലെറുടെ വേഷം ഹൃദയസ്പർശിയായി ഈ സിനിമയിൽ അവതരിപ്പിച്ചത്.ഓസ്കാർ ഷിൻറലെർ (1908-1974) എന്ന മഹാനായ മനുഷ്യ സ്നേഹിയുടെ ജീവിതം തന്നെയാണ് സ്പിൽബർഗ്ഗ് സിനിമയാക്കിയത്.

കഥ ചുരുക്കമായി പറയാം:
1930കളുടെ അവസാന കാലത്തിലാണ്, ഹിറ്റ്ലറിന്റെ നാസിപ്പട മദ്ധ്യ യൂറോപ്പിനെ വിഴുങ്ങാൻ തുടങ്ങുന്നത്. പോളണ്ടും ഹംഗറിയുമെല്ലാം വീഴാൻ തുടങ്ങി. ജർമ്മൻ-നാസി ഭരണത്തിന് കീഴിലായ ഈ രാജ്യങ്ങളിലെല്ലാം, വമ്പിച്ച കച്ചവടസാധ്യതകൾ ജർമൻ ബിസിനസുകാർ കണ്ടു. അങ്ങനെ പോളണ്ടിൽ ഭാഗ്യാന്വേഷിയായി എത്തിയ ജർമൻ ബിസിനസുകാരനാണ് ഓസ്കാർ ഷിൻറലെർ. പോളണ്ടിലെ ക്രാക്കോവിൽ ഒരായുധനിർമ്മാണശാല അദ്ദേഹം പണിതുയർത്തി. യുദ്ധത്തിനാവശ്യം ഭക്ഷണമോ മരുന്നോ എന്നതിനേക്കാൾ ആയുധങ്ങളാണല്ലോ. അവിടങ്ങളിൽ കുറഞ്ഞ വേതനത്തിനും കഠിനമായ ജോലികൾക്കും യഹൂദരെ നിർലോഭം ലഭിക്കുമായിരുന്നു. ക്രാക്കൊവിലെ 'ഗെറ്റോ'കളിൽ ജൂതതൊഴിലാളികളെ തേടിയിറങ്ങിയ ഷിൻഡലറും അയാളുടെ അക്കൌണ്ടന്റായ ഇഷാക്ക് സ്റ്റെർനും കൊല്ലപ്പെടാൻ വേണ്ടി കരുതിവച്ച ആ ജീവിതങ്ങളെ കണ്ട് പക്ഷെ, ആകെ തകർന്നുപോയി.



സന്തോഷ് ചുങ്കത്ത്

താൽക്കാലിക ലാഭത്തിനായി ഇറങ്ങിയ ആ ജർമൻ കോടീശ്വരന്റെ ജീവിതം മാറുന്നത് അങ്ങനെയാണ്. ഈ മനുഷ്യരെ 'ഗെറ്റോ'കളിൽ നിന്നും, സുരക്ഷിത ഇടങ്ങളിലേക്ക് മാറ്റാൻ അയാൾ തന്റെ കയ്യിലെ പണമെല്ലാം ചിലവഴിച്ചു. ആമോൻ ഗോത്തിനെ പോലുള്ള അഴിമതിക്കാരായ ജർമ്മൻ-നാസി ഉദ്യോഗസ്ഥന്മാർക്ക് കൈക്കൂലി കൊടുത്തും ബ്ലാക്ക് മാർക്കറ്റിൽ നിന്നും ലഭ്യമായ ആഡംബര വസ്തുക്കൾ നൽകിയും അയാൾ അനേകം ജൂതരെ തൻറെ ഫാക്റ്ററിയിലേക്കെന്ന വ്യാജേന മരണത്തിൽനിന്നും രക്ഷിച്ചു. കോൺസെൻട്രേഷൻ ക്യാമ്പുകളിൽ നിന്നും കൊലക്കളത്തിലേക്ക് അയക്കപ്പെട്ട 1200 ൽ പരം യഹൂദരെയാണ് അയാൾ അങ്ങനെ രക്ഷിച്ചത്.

സിനിമയുടെ അവസാനം ഹൃദയസ്പർശിയായ ഒരു രംഗമുണ്ട്. കോടീശ്വരനായി പോളണ്ടിൽ എത്തിയ ഷിൻറലെറുടെ ധനവും സ്വത്തുമെല്ലാം ഇവ്വിധം തീർന്നു. അയാൾ പാപ്പരാണ്. ചെക്കുകൾ ബാങ്കുകളിൽ നിന്നും മടങ്ങിത്തുടങ്ങി. നാസികൾക്ക് തന്റെ രഹസ്യം മനസിലായെന്ന് തിരിച്ചറിഞ്ഞ അയാൾ, ഏതു നിമിഷവും വധിക്കപ്പെടുമെന്നു ഉറപ്പായപ്പോൾ പലായനത്തിന് ഒരുങ്ങുകയാണ്. തന്റെ വിലപിടിപ്പുള്ള കാറിൽ കയറാൻ നേരം അയാൾ സ്വയം ശപിച്ചുക്കൊണ്ട് ഇങ്ങനെ പറയുന്നുണ്ട് "എന്തിനാണ് എനിക്കീ വിലയേറിയ കാർ, ഷർട്ടിലെ സ്വർണ്ണം കൊണ്ടുള്ള ഈ നാസിമെഡൽ... ഇതെല്ലാം ഉപയോഗിച്ച് പത്തോ പതിനഞ്ചോ പേരെക്കൂടേ എനിക്ക് രക്ഷിക്കാമായിരുന്നല്ലോ, ദൈവമേ"

തന്റെ മുഴുവൻ സമ്പാദ്യവും ജീവിതവും ജീവൻ തന്നെയും ചിലവഴിച്ചുകൊണ്ട് ദൈവത്തെപ്രതി മനുഷ്യർക്കൊപ്പം നിന്ന മനുഷ്യസ്നേഹിയായ ആ ജർമ്മൻകാരനെ, ഇസ്രയേൽ സർക്കാരും ജനതയും ഔദ്യോഗിക ബഹുമതികളോടെ ജറുസലെമിലാണ് കബറടക്കിയിരിക്കുന്നത്.

'തന്റെ സമ്പാദ്യത്തിൽ നിന്നുള്ള ഒരു പങ്കല്ല, തന്റെ ഉപജീവനത്തിനുള്ള വക മുഴുവൻ, ജീവിതം തന്നെ പങ്കു'വച്ച നീതിമാനായ മനുഷ്യൻ!

"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ധനവാനു സ്വർഗരാജ്യത്തിൽ പ്രവേശിക്കുക ദുഷ്കരമാണ്. വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു, ധനവാൻ സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ്."

ധനവാന്മാരോട് ഏതാണ്ട് മുഖം തിരിച്ചുനിൽക്കുന്ന ഗ്രന്ഥമായാണ് വി. ബൈബിളിനെ ലോകം കാണുന്നത്.

ധനവാന്മാർ രക്ഷിക്കപ്പെടില്ലേ?

ധനമാർജ്ജിക്കുന്നതും പണക്കാരനായി ജീവിക്കുന്നതും തിന്മയാണോ?

ദൈവം തന്റെ പരിപാലനയും സമൃദ്ധിയും പങ്കുവയ്ക്കുവാൻ ധനം എന്ന ഉപകരണത്തെ ഉപയോഗിച്ചിട്ടുണ്ട്. വചനത്തിൽ പലയിടത്തും, അവൻ സമ്പത്തും, ആടുമാടുകളും, വസ്തുവകകളും നൽകി മനുഷ്യരെ അനുഗ്രഹിച്ചിട്ടുണ്ട്. അതെല്ലാം എങ്ങനെ പരിപാലിക്കണമെന്നും കൈകാര്യം ചെയ്യണമെന്നും വിശദമാക്കിയിട്ടുണ്ട്. "ഈ ലോകത്തിലെ ധനവാന്മാരോട്, ഔദ്ധത്യം ഉപേക്ഷിക്കാനും തങ്ങളുടെ പ്രതീക്ഷകൾ അനിശ്ചിതമായ സമ്പത്തിൽ വയ്ക്കാതെ അവയെല്ലാം നമുക്കനുഭവിക്കുവാൻവേണ്ടി ധാരാളമായി നൽകിയിട്ടുള്ള ദൈവത്തിൽ അർപ്പിക്കാനും നീ ഉദ്ബോധിപ്പിക്കുക. അവർ നന്മചെയ്യണം. സത്പ്രവൃത്തികളിൽ സമ്പന്നരും വിശാലമനസ്കരും ഉദാരമതികളും ആയിരിക്കയും വേണം.അങ്ങനെ യഥാർത്ഥ ജീവൻ അവകാശമാക്കുന്നതിന് അവർ തങ്ങളുടെ ഭാവിക്കു ഭദ്രമായ അടിത്തറ പണിയട്ടെ. (1 തിമോത്തി 6: 17-20).

തന്റെ രക്ഷാകരപദ്ധതിയിൽ ഉടനീളം മനുഷ്യാധ്വാനത്തെയും സാമ്പത്തികശേഷിയേയും അവിടുന്ന് ശ്രദ്ധാപൂർവ്വം കൂട്ടിചേർത്തിട്ടുമുണ്ട്.

'വലിയ നന്മ ചെയ്യാൻ ശേഷിയുള്ള മനുഷ്യരായാണ് വചനം ധനികരെ കാണുന്നത്. അത് അന്യർക്ക് വേണ്ടികൂടിയും ചിലവഴിക്കാനുള്ളതാണ് എന്ന ബോധ്യമില്ലാത്ത സകലരെയും 'മൂഢരായ ധനികർ' എന്നാക്ഷേപിക്കുകയും ചെയ്യുന്നു. പണം ഒരുക്കുന്നമായാക്കാഴ്ച മനുഷ്യനെ വിഡ്ഢിയാക്കുന്നു. അത്തരം മനുഷ്യരെ വേദം പരാമർശിക്കുന്നത് തന്നെ ഭോഷനെന്നാണ്. "ഭോഷാ, ഈ രാത്രി നിൻറെ ആത്മാവിനെ നിന്നിൽനിന്ന് ആവശ്യപ്പെടും; അപ്പോൾ നീ ഒരുക്കിവെച്ചിരിക്കുന്നവ ആരുടേതാകും?" എന്ന വചനം ഉലയ്ക്കാത്ത ധനിക ഹൃദയങ്ങളുണ്ടോ?

ക്രിസ്തു ഒരിക്കലും ധനത്തെ തിന്മയായി കണ്ടിട്ടില്ല. എന്നാൽ അതിന്റെ ചതിക്കുന്ന സ്വഭാവത്തെ കുറിച്ച് എപ്പോഴും മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്. 'മുള്ളുകൾക്കിടയിൽ വിതക്കപ്പെട്ട വിത്തുകൾ കണക്ക്'.. "മുൾച്ചെടികൾക്കിടയിൽ വിതയ്ക്കപ്പെട്ടത് മറ്റുചിലരാണ്. അവർ വചനം ശ്രവിക്കുന്നു. എന്നാൽ, ലൗകിക വ്യഗ്രതയും ധനത്തിൻറെ ആകർഷണവും മറ്റു വസ്തുക്കൾക്കുവേണ്ടിയുള്ള ആഗ്രഹവും അവരിൽ കടന്നുകൂടി വചനത്തെ ഞെരുക്കുകയും അതു ഫലശൂന്യമാവുകയും ചെയ്യുന്നു." വചനം വേരുപിടിക്കാത്ത ഇടങ്ങളെല്ലാം പാഴ്നിലങ്ങളായി മാറുന്നു. സൂചിക്കുഴയിലൂടെ കടക്കുന്ന ഒട്ടകവും ധനവാനും നമ്മെ ഭയപ്പെടുത്തുന്നതും ഈ ഫലശൂന്യമായ നിലപാടുകൾ കൊണ്ടാണ്.

വചനം ഉടനീളം നമ്മളോട് ആവശ്യപ്പെടുന്നത് സമ്പത്തിൻറെ കാര്യസ്ഥരാകാനാണ്; ഉടമസ്ഥരാകാനല്ല. കാര്യസ്ഥൻ ഉടമസ്ഥനല്ല, നടത്തിപ്പുകാരനാണ്. ആ ബോധ്യം ഉണ്ടെങ്കിൽ, പണമെന്ന കടമ്പയിൽ തട്ടി നമ്മളാരും ദൈവരാജ്യത്തിന് അനഭിമതരാകില്ല.

ഞങ്ങൾക്കെന്ത് ലഭിക്കും?

മനുഷ്യായുസ്സ് മുഴുവൻ നമ്മൾ സമയാസമയങ്ങളിൽ ഉറക്കെയും പതുക്കെയുമൊക്കെ ചോദിച്ചിട്ടുള്ള ഒരു

ചോദ്യമാണിത്: "അപ്പോൾ പത്രോസ് പറഞ്ഞു: ഇതാ, ഞങ്ങൾ എല്ലാം ഉപേക്ഷിച്ച് നിന്നെ അനുഗമിച്ചിരിക്കുന്നു. ഞങ്ങൾക്കെന്താണു ലഭിക്കുക?"

ശിഷ്യത്വം ആരംഭിക്കുന്നത്, അവനവനിൽ നിന്നുമുള്ള ഫോക്കസും ആശ്രയത്വവും മാറ്റുന്നതോടെയാണ്. 'വയലിലെ ലില്ലികളെപോലെയും, ആകാശത്തെ പറവകളെപോലെയും ജീവികുക' എന്ന, അവൻറെ വാഴ്വിനെ ഹൃദയത്തിലേക്ക് സ്വീകരിക്കുന്ന നിമിഷം മുതൽ നമ്മുടെ ശിഷ്യത്വത്തിന്റെ യാത്ര ആരംഭിക്കുകയായി.

"ഞാൻ വ്യർഥമായി അധ്വാനിച്ചു; എന്റെ ശക്തി വ്യർഥമായും നിഷ്ഫലമായും ചെലവഴിച്ചു. എങ്കിലും എന്റെ അവകാശം കർത്താവിലും പ്രതിഫലം ദൈവത്തിലുമാണ് ' ഏശയ്യ 49: 4.

വിലാപങ്ങളുടെ നാളുകളിൽ വ്യർഥമായ അദ്ധ്വാനത്തെ പറ്റി നമ്മൾ പരിതപിക്കാറുണ്ട്. 'ഞാൻ എത്രയോ കണ്ണീരൊഴുക്കി, വിലപിച്ചു, ജാഗരണത്തിലും ഉപവാസത്തിലും കഴിഞ്ഞു, അതെല്ലാം വ്യർഥമായല്ലോ' എന്നെല്ലാം. എന്നാൽ ഒന്നും വെറുതെയാകില്ല, വിതച്ച ഒരു വിത്തും, കണ്ണീരോടെയുള്ള ഒരു പ്രാർഥനയും, ഹൃദയം നൊന്തുയർന്ന നെടുവീർപ്പും, നീ കൊണ്ട വെയിലും തണുപ്പും, ഒന്നുമൊന്നും വെറുതെയാകില്ല. എല്ലാം കാണുന്നവൻ നിന്റെ അധ്വാനത്തെയും നൊമ്പരങ്ങളെയും കാണുന്നുണ്ട്. അവൻ തീർച്ചയായും നിന്നെ മാനിക്കും.

"മനുഷ്യർക്ക് ഇത് അസാധ്യമാണ്; എന്നാൽ, ദൈവത്തിന് എല്ലാം സാധ്യമാണ്" ഈജിപ്തിൽ നിന്നും ഇസ്രായേൽ ജനത്തെ തന്റെ ശക്തമായ കരം കൊണ്ട് (പുറപ്പാട് 6:6) രക്ഷിച്ചുകൊണ്ടുവന്ന ദൈവത്തിന് അസാധ്യമായൊന്നുമില്ല എന്ന വിശ്വാസത്തിലേക്ക് വളരുന്നതാണ് ശിഷ്യത്വത്തിന്റെ അടുത്ത തിരിച്ചറിവ്. 'കഴിഞ്ഞ തലമുറകളെ പറ്റി



ചിന്തിക്കുവിൻ, കർത്താവിന്റെ ഭക്തരിൽ ആരാണ് പരിത്യക്തനായത്? ആരാണ് അവഗണിക്കപ്പെട്ടത്?" (പ്രഭാ 2: 10). ദൈവത്തിന്റെ ശക്തമായ കരത്തിന് കീഴെ താഴ്മയോടെ നിൽക്കാൻ പഠിക്കുന്നതാണ് അടുത്ത ഘട്ടം. ചെങ്കടൽ കടത്തിയവന്, മരുഭൂവിൽ മന്നയും കാട പക്ഷിയെയും നൽകി പതിനായിരങ്ങളെ ഊട്ടിയവന്, മാറായിലെ കയ്പ്പ് ജലത്തെ മധുരമാക്കിയവന്, കാക്കയാൽ ആഹാരം നൽകിയവന്, സിംഹക്കുഴിയിൽ നിന്നും അഗ്നിയിൽ നിന്നും ദാനിയേലിനെ രക്ഷിച്ചവന്, അഞ്ചപ്പം കൊണ്ട് അയ്യായിരങ്ങളെ പോറ്റിയവന്, മരിച്ചവരിൽ നിന്ന് സ്വയം ഉയിർത്തവന് നിന്നെ രക്ഷിക്കുക എന്നത് അസാധ്യമോ ബുദ്ധിമുട്ടുള്ള കാര്യമോയല്ല. എന്നാൽ ഒന്നുണ്ട്, രക്ഷിക്കപ്പെടുമ്പോൾ മാത്രമല്ല, നിന്റെ ആഗ്രഹങ്ങൾക്കും പ്രാർഥനകൾക്കും വിരുദ്ധമായി കാര്യങ്ങൾ സംഭവിക്കുമ്പോഴും, അവിടുത്തെ പദ്ധതിയിൽ ആശ്രയിക്കുക God is in Control' എന്ന് ഏറ്റു പറയുക എന്നതും കൂടിയാണ് വിശ്വാസം.

"അൽപകാലത്തേക്കു വിവിധ പരീക്ഷകൾ നിമിത്തം നിങ്ങൾക്കു വ്യസനിക്കേണ്ടിവന്നാലും അതിൽ ആനന്ദിക്കുവിൻ. കാരണം, അഗ്നിശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണത്തേക്കാൾ വിലയേറിയതായിരിക്കും പരീക്ഷകളെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം. അത് യേശുക്രിസ്തുവിൻറെ പ്രത്യാഗമനത്തിൽ സ്തുതിക്കും മഹത്വത്തിനും ബഹുമാനത്തിനും ഹേതുവായിരിക്കും" (1 പത്രോസ് 1: 6-7) ക്രിസ്തുവിനെ അനുഗമിക്കുക എന്നത്, കുരിശിനെ പുണരുക എന്ന് തന്നെയാണ് അർത്ഥമാക്കുന്നത്. 'നിനക്ക് ഒന്നും സംഭവിക്കാതിരിക്കട്ടെ' എന്നാശ്വാസ വാക്കുകളല്ല, പൂർത്തിയാക്കുവാൻ തനിക്കേൽപ്പിക്കപ്പെട്ടിട്ടുള്ള ദൈത്യത്തെ കുറിച്ചുള്ള ചിന്തയിലാണ് ക്രിസ്തു പത്രോസിനെ അന്ന് ശാസിക്കുന്നത്. ലോകം നല്കുന്നവയെയല്ല, ക്രിസ്തു നൽകുന്ന ശാശ്വതരക്ഷയും സമാധാനത്തെയും ലക്ഷ്യമാക്കി ജീവിക്കാൻ കൂടിയാണ് വചനം നമ്മോട് ആവശ്യപ്പെടുന്നത്.

നിനക്ക് ഏൽപ്പിക്കപ്പെട്ടിട്ടുള്ള എന്തും, അത് ധനമോ, സ്വത്തോ സൽപ്പേരോ സ്വജീവിതം തന്നെയോ ആകട്ടെ, ക്രിസ്തുവിന് വേണ്ടി ചിലവാക്കപ്പെടുന്നില്ലെങ്കിൽ അത് വ്യർത്ഥവും ഫലശൂന്യവുമായിരിക്കും. എല്ലാം നഷ്ടമാക്കി ജീവിക്കുക എന്നുവച്ചാൽ അപകടകരമായി ജീവിക്കുക എന്ന് തന്നെയാണ് അർഥം. സ്നേഹത്തിനായി ചിലവഴിക്കപ്പെടാത്ത എന്തും പിശുക്കന്റെ മടിക്കുത്തിലെ പൊൻനാണയം കണക്ക് ഉപയോഗശൂന്യമായിപോകും. എത്രമാത്രം ആരാധിച്ചു എന്നതാവില്ല, എത്രമാത്രം സ്നേഹിച്ചു എന്നതാവാം ഒരുപക്ഷെ അവസാനത്തെ കണക്കെടുപ്പിന്റെ സൂത്രവാക്യം.

(കുവൈറ്റിൽ അധ്യാപകനും എഴുത്തുകാരനുമാണു ലേഖകൻ)

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com